**യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാം ആന്റ് ഫോഡർ റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് സ്കീം**
കേരള വെറ്ററിനറി &അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
മണ്ണുത്തി പി.ഒ., തൃശ്ശൂർ, കേരള, ഇൻഡ്യ –680 651
ഫോൺ : 0487-2370302ഇമെയിൽ: ulfmty@kvasu.ac.in

നമ്പർ : യു.എൽ.എഫ്./എം.ടി.വൈ./ജി/468/2024 മണ്ണുത്തി, തീയതി : 03.08.2026

# <u>ക്വട്ടേഷൻ നോട്ടീസ്</u>

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ മണ്ണുത്തി ക്യാമ്പസിന്റെ വിവിധ ഭാഗങ്ങളിൽ കെട്ടിടങ്ങളുടെയും, വൈദ്യുതി ലൈനുകളുടെയും മുകളിലേയ്ക്കും, റോഡിലേയ്ക്കും ആപൽക്കരമായി പടർന്നു പന്തലിച്ചു നിൽക്കുന്ന മരങ്ങളുടെ കൊമ്പുകൾ കടുംവെട്ട് മാതൃകയിൽ വെട്ടി ശാഖകൾ, സീനിയർ ഫാം സൂപ്പർവൈസർ, ഫോഡർ സെക്ഷൻ നിർദ്ദേശിക്കുന്ന സ്ഥലത്ത് ഇടുന്നതിന്, അടുത്ത ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളെ ഏർപ്പാടാക്കി തരുന്നതിന്, സന്നദ്ധരായ ആളുകളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. **<u>ക്വട്ടേഷനിൽ ശാഖകൾ മുറിക്കാൻ മരത്തിൽ കയറുന്നവർക്കും, സഹായികൾക്കും പ്രത്യേകം പ്രത്യേകം തുക കാണിച്ചിരിക്കണം. (ദിവസകൂലി).</u>** തൊഴിലാളികൾ പണിയായുധങ്ങൾ കൊണ്ടുവരേണ്ടതാണ്. പണിസ്ഥലങ്ങളിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കോൺട്രാക്ടർ ഉത്തരവാദിയായിരിക്കും. പണിസ്ഥലങ്ങളിൽ വെച്ച് തൊഴിലാളികൾക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് യൂണിവേഴ്സിറ്റി ഉത്തരവാദിയായിരിക്കില്ല.

ഫോഡർ ഫാമിലെ ഫാം സൂപ്പർവൈസറുടെ നിർദ്ദേശ പ്രകാരം കാലത്ത് 8 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയത്തിനുള്ളിൽ ആകെ 8 മണിക്കൂർ ജോലി ചെയ്യാൻ തൊഴിലാളികൾ സന്നദ്ധരായിരിക്കണം. കരാർ തൊഴിലാളികളും ഫാം മേധാവിയും തമ്മിൽ നേരിട്ടുള്ള യാതൊരു ഇടപാടുകളും ഉണ്ടായിരിക്കുന്നതല്ല. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ യൂണിവേഴ്സിറ്റി ജീവനക്കാരുടെ കുടുംബാംഗങ്ങളോ ബന്ധുക്കളോ ആയിരിക്കരുത്.

**<u>ക്വട്ടേഷനുകൾ 2000/- രൂപ നിരതദ്രവ്യത്തോടൊപ്പം ഈ ഓഫീസിൽ 13.08.26 കാലത്ത് 11 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.</u>** അന്നേ ദിവസം കാലത്ത് 11.30 ന് ക്വട്ടേഷനുകൾ തുറക്കുന്നതും സ്ഥാപന മേധാവിയ്ക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആൾക്ക് ക്വട്ടേഷൻ ഉറപ്പിച്ച് നൽകുന്നതുമാണ്. 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ ഒരു വർഷത്തേയ്ക്ക് കരാർ എഴുതി സമർപ്പിച്ചതിന് ശേഷം മാത്രമേ മരത്തിന്റെ ശാഖകൾ മുറിക്കാൻ അനുവദിക്കുകയുള്ളൂ. നിയമാനുസൃതം പിടിക്കേണ്ട ആദായ നികുതി ഈടാക്കിയ ശേഷം മാത്രമേ പ്രതിഫല തുക നൽകുകയുള്ളൂ. ഇതിനായി പാൻകാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രതിഫല തുകയുടെ 20% നികുതി ഇനത്തിൽ ഈടാക്കുന്നതാണ്. മറ്റ് സർക്കാർ ലേലങ്ങൾക്കും ക്വട്ടേഷനുകൾക്കും ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

ഒപ്പ്
**ഫാം മേധാവി**

സ്വീകർത്താവ് : നോട്ടീസ് ബോർഡുകൾ, സർവ്വകലാശാല വെബ്സൈറ്റ്

// അംഗീകാരത്തോടെ അയയ്ക്കുന്നത് //

**സെക്ഷൻ ഓഫീസർ**